YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2020 നവംബർ 30

## വാർത്താക്കുറിപ്പ്

**ഈ വാർത്തയിൽ ആദ്യ പാരഗ്രാഫിൽ 'ബിരുദാനന്തര ബിരുദം' എന്നതിനുപകരം 'ബിരുദ പ്രവേശനത്തിന്' എന്നാണ് കിടക്കുന്നത്. 'ബിരുദാനന്തര ബിരുദ പ്രവേശനം' എന്ന് തിരുത്തിയ ഈ ഫയൽ ഉപയോഗിക്കുക. മറ്റുതിരുത്തലുകളില്ല.**

### എം.ജി. ബിരുദാനന്തര ബിരുദ പ്രവേശനം; സാധ്യത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദപ്രവേശനത്തിന് സാധ്യത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. www.cap.mgu.ac.in എന്ന വെബ് സൈറ്റിലെ 'പിജി ക്യാപ് 2020' എന്ന ലിങ്കിൽ വിശദവിവരം ലഭിക്കും. അപേക്ഷകർക്ക് തിരുത്തലുകൾ വരുത്താനും ഓപ്ഷനുകൾ ചേർക്കാനും ഒഴിവാക്കാനും പുനഃക്രമീകരിക്കാനും ഡിസംബർ അഞ്ചിന് വൈകീട്ട് നാലുവരെ അവസരം ലഭിക്കും. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം. മാർക്കുകൾ നൽകിയതിലുണ്ടായ പിഴവും തിരുത്താം. സംവരണാനുകൂല്യത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ തന്നെയാണ് അപ്‌ലോഡ് ചെയ്തതെന്ന് ഉറപ്പാക്കണം.

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവർ ജാതി സർട്ടിഫിക്കറ്റും എസ്.ഇ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവർ ജാതി, വരുമാന സർട്ടിഫിക്കറ്റുകളും (ഒരു ഫയലായി) അല്ലെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഇ.ഡബ്ല്യു.എസ്. വിഭാഗക്കാർ ഇൻകം ആന്റ് അസറ്റ് സർട്ടിഫിക്കറ്റും അപ്‌ലോഡ് ചെയ്യണം. സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നാക്ക വിഭാഗക്കാർ പൊതുവിഭാഗം തെരഞ്ഞെടുക്കുകയോ വരുമാനം എട്ടുലക്ഷത്തിൽ അധികമായി നൽകി സംവരണം ആവശ്യമില്ലെന്ന ഓപ്ഷൻ തെരഞ്ഞെടുക്കുകയോ ചെയ്യുക. എൻ.സി.സി., എൻ.എസ്.എസ്. വിഭാഗങ്ങളിൽ ബോണസ് മാർക്കിന് അപേക്ഷിക്കുന്നവർ ബിരുദതലത്തിലെ സാക്ഷ്യപത്രമാണ് അപ് ലോഡ് ചെയ്യേണ്ടത്. വിമുക്തഭടൻ, ജവാൻ എന്നിവരുടെ ആശ്രിതർക്ക് ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം നൽകണം. കര, നാവിക, വ്യോമ സേനാവിഭാഗങ്ങളെ മാത്രമേ ഇതിനായി പരിഗണിക്കൂ.

(പി.ആർ.ഒ/39/1246/2020)

## എം.ജി. സർവകലാശാല യു.ജി., പി.ജി.

## പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല 2020-21 അധ്യയന വർഷത്തെ ബി.എ., ബി.കോം, എം.എ., എം.കോം, എം.എസ് സി. (മാത്തമാറ്റിക്സ്) എന്നീ കോഴ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു. ഇന്നു മുതൽ (ഡിസംബർ 1) അപേക്ഷ നൽകാം. യു.ജി. ഫുൾ കോഴ്സുകളിൽ ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, ഹിന്ദി, അറബിക്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, കൊമേഴ്സ് വിഷയങ്ങൾക്ക് സി.ബി.സി.എസ്. - എസ്.ഡി.ഇ. 2017 (മോഡൽ 1) സിലബസിലാണ് രജിസ്ട്രേഷൻ. പിജി. കോഴ്സുകളിൽ എം.എ. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, സംസ്കൃതം, അറബിക്, ഹിസ്റ്ററി, ഇക്കണോമിക്സ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, എം.എസ് സി. മാത്തമാറ്റിക്സ്, എം.കോം. എന്നീ വിഷയങ്ങൾക്ക് സി.എസ്.എസ്. -2019 (പ്രൈവറ്റ്) സിലബസിലാണ് രജിസ്ട്രേഷൻ.

യു.ജി. നോൺ ഫുൾ കോഴ്സുകളിൽ രണ്ടുമുതൽ ആറുവരെ സെമസ്റ്ററുകളിലേക്കുള്ള റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം, ബി.കോം. അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ്, അഡീഷണൽ സെക്കന്റ് ലാംഗ്വേജ്/കോമൺകോഴ്സ് രണ്ട്, അഡീഷണൽ ഡിഗ്രി, ഫാക്കൽറ്റി മാറ്റം, അഡീഷണൽ കോമൺ കോഴ്സ് 1 & 2 എന്നീ വിഭാഗങ്ങളിൽ സി.ബി.സി.എസ്.-എസ്.ഡി.ഇ. 2017 (മോഡൽ 1) സിലബസിൽ വ്യവസ്ഥയ്ക്ക് വിധേയമായി പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കും.

പി.ജി. നോൺ ഫുൾ കോഴ്സ് വിഭാഗത്തിൽ രണ്ടുമുതൽ നാലു സെമസ്റ്റർ വരെ സി.എസ്.എസ്. 2019 സിലബസിൽ റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം അനുവദിച്ചിട്ടുണ്ട്. ഫുൾ കോഴ്സ്, നോൺ ഫുൾ കോഴ്സ് അപേക്ഷകൾ പിഴകൂടാതെ ഡിസംബർ 21 വരെയും 1050 രൂപ പിഴയോടെ ഡിസംബർ 22 മുതൽ 28 വരെയും 2100 രൂപ പിഴയോടെ ഡിസംബർ 29 മുതൽ 31 വരെയും സ്വീകരിക്കും.

ഒന്നും രണ്ടും സെമസ്റ്റർ യു.ജി., പി.ജി. ഫുൾ കോഴ്സ് രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷ നൽകണം. ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടലിൽക്കൂടി മാത്രമേ ഫീസടയ്ക്കാവൂ. യു.ജി., പി.ജി. നോൺ ഫുൾ കോഴ്സ് രജിസ്ട്രേഷന് വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷഫോം ഡൗൺലോഡ് ചെയ്തെടുത്ത് ഉപയോഗിക്കാം. www.epay.mgu.ac.in എന്ന പോർട്ടൽ വഴി ഓൺലൈനായി ഫീസടച്ച് ഇ-രസീത് അപേക്ഷയ്ക്കൊപ്പം നൽകണം. ഫുൾ കോഴ്സുകളുടെ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും നോൺ ഫുൾ കോഴ്സുകളുടെ അപേക്ഷയും അനുബന്ധരേഖകളും അസോസിയേറ്റ് പ്രൊഫസർ ഇൻ ചാർജ് ഓഫ് പ്രൈവറ്റ് രജിസ്ട്രേഷൻ, മഹാത്മാഗാന്ധി സർവകലാശാല, തപാൽ സെക്ഷൻ, റൂം നമ്പർ 49, പ്രിയദർശിനിഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ രജിസ്ട്രേഡ് പോസ്റ്റിൽ അയയ്ക്കാം. കൂടാതെ സർവകലാശാല ഫ്രണ്ട് ഓഫീസിലെ പ്രത്യേക ബോക്സിൽ ഇടാം.

അപേക്ഷയിലെ തെറ്റുകൾ തിരുത്തേണ്ടവർ 525 രൂപയുടെ ഇ-പേയ്മെന്റ് ഫീസ് രസീതും ആദ്യം സമർപ്പിച്ച അപേക്ഷയുടെ പകർപ്പും സഹിതം അപേക്ഷ പ്രൈവറ്റ് രജിസ്ട്രേഷൻ സെക്ഷനിൽ നൽകണം. പിന്നീട് തിരുത്തലുകൾ അനുവദിക്കില്ല. അടച്ച ഫീസുകൾ തിരികെ ലഭിക്കില്ല.

വിശദവിവരത്തിന് www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0481-2733681, 2731325 (ബി.കോം), 2733455 (ബി.കോം), 2733427 (എം.എ., എം.കോം, എം.എസ് സി.), 2733365 (ബി.എ., ബി.കോം, എം.കോം).

(പി.ആർ.ഒ/39/1247/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്‌സി. ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് പ്രോഗ്രാമുകളിൽ എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുമായി ഡിസംബർ നാലിന് രാവിലെ 11ന് പഠനവകുപ്പിലെത്തണം.

(പി.ആർ.ഒ/39/1248/2020)

## യു.ജി.സി. - നെറ്റ്/ജെ.ആർ.എഫ്. പരീക്ഷ പരിശീലനം

മാനവിക വിഷയങ്ങൾക്കുള്ള യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുവേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ

ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ/39/1249/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ